




**ഗാന്ധിദർശനവുമായി ബന്ധപ്പെട്ട ആശയലോകത്തെ സമീപിക്കുമ്പോൾ ഗൗരവപൂർണ്ണമായ വായനയ്ക്ക് വിധേയമാക്കേണ്ട അടിസ്ഥാന ഗ്രന്ഥങ്ങൾ പലതുമുണ്ട്. ആ ഗണത്തിൽപ്പെടുന്ന മൂന്ന് ഗ്രന്ഥങ്ങളിലെ ചില പ്രസക്തമായ ഭാഗങ്ങൾ ഞങ്ങൾ ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു**

**ഹിന്ദ്സ്വരാജ് / നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥ / ഭരണമുക്തമായ സമുദായത്തിലേക്ക്**

# ഗാന്ധിചിന്തയുടെ അടിസ്ഥാന പ്രമാണങ്ങൾ

ഗ്രന്ഥം 1

## ഹിന്ദ്സ്വരാജ്

ഗ്രന്ഥകർത്താവ്: മഹാത്മാ ഗാന്ധി
വിവർത്തകൻ: സി.പി. ഗംഗാധരൻ
പ്രസാധകർ: പൂർണ്ണോദയ ബുക്ക് ട്രസ്റ്റ്

ഇംഗ്ലണ്ടിന്റെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയം തന്നെയാണ്. അത്തരമൊരവസ്ഥയിൽ ഇന്ത്യ കാലത്തുമെത്തരുതേ എന്നാണെന്റെ പ്രാർത്ഥന.

നിങ്ങൾ പറയുന്ന പാർലിമെന്റുകളുടെ അമ്മയുണ്ടല്ലോ, അതമ്മയല്ല, അതൊരു മച്ചിയും വേശ്യയുമാണ്. പരുക്കൻ പ്രയോഗങ്ങളാണിവ രണ്ടും. എന്നാൽ സാദൃശ്യം തീർത്തും യുക്തമാണ്. ആ പാർലമെന്റിന് ഈ നാൾവരെ ഒരു നല്ലകാര്യവും ചെയ്തിട്ടില്ല. അതിനാലതു മച്ചി. ബാഹ്യസമ്മർദ്ദമില്ലെങ്കിൽ അതിനൊന്നും ചെയ്യാനാവില്ല. അതിനെ വേശ്യയെന്നുവിളിച്ചത് അതതു കാലങ്ങളിൽ മാറി മാറി വരുന്ന മന്ത്രിമാരുടെ കീഴിലാണതെന്നതുകൊണ്ടാണ്. അസ്കിത്താണ് ഇപ്പോഴത്തെ ഭർത്താവ്. നാളെ ആ പദവി ബാൾഫറിനാകാം.

ജനപ്രതിനിധികൾ പൊതുവിൽ തൻകാര്യം നോക്കികളും കപടനാട്യക്കാരുമാണ്. സ്വന്തം കാര്യത്തെക്കുറിച്ചാണ് ഓരോരുത്തരുടേയും ചിന്ത. അവരെ നയിക്കുന്നതു ഭയമാണ്. ഇന്നു ചെയ്തതിനെതിരായിട്ടാവും നാളത്തെ ചെയ്തി. അന്തിമ തീരുമാനം എന്നു പറയാനാവുന്ന ഒന്നുപോലും പാർലിമെന്റിന്റെ മുൻകാലചരിത്രത്തിൽ നിന്നെടുത്തു കാണിക്കാനില്ല. ഗൗരവവമുള്ള വിഷയത്തെക്കുറിച്ചു ചർച്ച നടക്കുമ്പോൾത്തന്നെ സഭയിൽ നീണ്ടുനിവർന്നു കിടന്നുറങ്ങുന്നവരുമുണ്ടാകും. വിഷയം തൊടാതെ വലിച്ചുനീട്ടിയാവും പലരുടേയും പ്രസംഗം. 'ലോകത്തിന്റെ സല്ലാപക്കട'യെന്ന് കാർലൈൽ പാർലിമെന്റിനെക്കുറിച്ച് പറഞ്ഞത് മറക്കാതിരിക്കുക. ആലോചിച്ചിട്ടൊന്നുമല്ല അംഗത്തിന്റെ വോട്ട്. അതിന്റെ ആവശ്യവുമില്ല. കക്ഷികളുടെ ചൊൽപ്പടിക്കു നീങ്ങലാണ് അവരുടെ അച്ചടക്കം. ഏതെങ്കിലുമംഗം പതിവുവിട്ട് സ്വതന്ത്രമായി വോട്ടു ചെയ്താൽ അയാൾ വിശ്വാസവഞ്ചകനാവും. പാർലിമെന്ററിനായി പാഴാക്കുന്ന സമയവും പണവും കുറച്ചു നല്ല മനുഷ്യരെ ഏൽപ്പിച്ചിരുന്നുവെങ്കിൽ ഇംഗ്ലണ്ട് ഇതിലും വളരെ നല്ല നിലയിലെത്തിയേനെ. പാർലിമെന്റ് ജനങ്ങളുടെ വിലകൂടിയ ഒരു കളിപ്പാട്ടം മാത്രമാണ്. ഞാൻ മാത്രമല്ല ഇംഗ്ലണ്ടിലുള്ള പല മഹാന്മാരും പാർലിമെന്റിനെക്കിറിച്ച് ഇങ്ങനെയൊക്ക പറഞ്ഞിട്ടുണ്ട്. സത്യസന്ധനായൊരു ക്രിസ്ത്യാനിക്ക് പാർലിമെന്റംഗമാകാനാകില്ലെന്ന് ഒരംഗം പറഞ്ഞത് ഈയിടെയാണ്.

മറ്റൊരംഗത്തിന്റെ അഭിപ്രായത്തിൽ അവരുടെ പാർലിമെന്റ് 'ശിശു'വാണ്. ഏഴു നൂറ്റാണ്ടുകഴിഞ്ഞിട്ടും 'ശിശു'വായിത്തന്നെ ഇരിക്കുന്നു! ശൈശവത്തിൽനിന്നും അതിനെന്നു മുക്തി?

....പാർലിമെന്റിനു ശരിയായൊരു സ്ഥാനമില്ല. പ്രധാനമന്ത്രിയുടെ കീഴിൽ സ്ഥിരഗതി അതിനില്ല. വേശ്യയെപ്പോലെ ചപലഗതിയാണതിനുള്ളത്. പാർലിമെന്റ് ശരിയായി പ്രവർത്തിക്കണമെന്നതിലല്ല തനിക്കു സ്ഥാന ചലനം വരാതിരിക്കണമെന്നതിലാണ് പ്രധാനമന്ത്രിയുടെ ശ്രദ്ധ. സ്വന്തം കക്ഷിയുടെ വിജയത്തിനുവേണ്ടിയുള്ള പ്രവൃത്തിയിലാണ് അയാൾ ഊർജ്ജമെല്ലാം കേന്ദ്രീകരിക്കുന്നത്. പാർലിമെന്റ് ശരിയായിട്ടുള്ളതു ചെയ്യണമെന്ന കാര്യം അയാൾ ഗൗനിക്കുന്നില്ല. സ്വന്തം കക്ഷിതാൽപര്യം സംരക്ഷിക്കാൻ പ്രധാനമന്ത്രിമാർ പാർലിമെന്റുകളെ ദുരുപയോഗപ്പെടുത്തിയതിന്റെ ചരിത്രമേയുള്ളൂ. ഇതിനെക്കുറിച്ചൊക്കെ ചിന്തിക്കുന്നതുകൊള്ളാം....

....മനുഷ്യന് കർത്തവ്യത്തിന്റെ പാത വ്യക്തമാക്കിക്കൊടുക്കുന്ന പെരുമാറ്റശൈലിയാണു പരിഷ്കാരം. കർത്തവ്യത്തിന്റെ നിർവഹണവും സന്മാർഗത്തിന്റെ ആചരണവും രണ്ടു സംഗതിയല്ല. നമ്മുടെ വികാര വിചാരങ്ങൾക്കുമേൽ പൂർണനിയന്ത്രണം നേടലാണ് സന്മാർഗാചരണം. നാം നമ്മേ അറിയുന്നതപ്പോഴാണ്. പരിഷ്കാര പദത്തിന് ഗുജറാത്തിയിൽ നല്ല പെരുമാറ്റമെന്നാണർത്ഥം.

ഗ്രന്ഥം 2

## നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥ

ഗ്രന്ഥകർത്താവ്: ജെ.സി. കുമരപ്പ
വിവർത്തകൻ: സി.പി. ഗംഗാധരൻ
പ്രസാധകർ: ജീവരേഖ, മറ്റത്തൂർ

....തനിക്കു വേണ്ടതെന്തെന്നു നിശ്ചയിക്കാൻ ഉപഭോക്താവിനു കഴിയുന്നില്ല. അവന്റെ ആവശ്യം ധനതത്ത്വശാസ്ത്രജ്ഞന്റെ കണ്ണിൽ 'ഡിമാന്റ്' ആണ്. ഉപഭോക്താവിന് സ്വന്തം ഡിമാന്റൊന്നുമില്ല. കിട്ടുന്നതുവാങ്ങുന്നു ഇവിടെ കുതിരയെ അമിക്കുന്നതു വണ്ടിക്കുപിന്നിലാണ്. ഇംഗ്ലണ്ടിലെ നോർത്ത് ഹാംപ്ടനിൽ ഷൂവുണ്ടാക്കും. അതിലേയ്ക്കുവേണ്ട കാലുകൾ ഇന്ത്യയിലോ ലോകത്തിന്റെ മറ്റേതെങ്കിലും മൂലയിലോ ആകും കാല്പാകമുള്ള ഷൂവിനെയല്ല ഷൂ കാലിനെയാണ് തെരഞ്ഞെപിടിക്കുന്നത്. സാധാരണഗതിയിൽ ഈ മാറ്റമറി നടപ്പിലാകാത്തിടത്ത് എത്തോപ്പിയയിൽ ആളുകൾക്കിഷ്ടം ചെരിപ്പിടാതെ നടക്കലാണ് രാഷ്ട്രീയ സമ്മർദ്ധവും പരിഷ്കാര നിയന്ത്രണവും കാര്യം നേടും. സാധനങ്ങൾ പടച്ചുവെച്ച് ആവശ്യക്കാരെ കണ്ടെത്താനുള്ള ഈ നെട്ടോട്ടമാണ് പുതിയ കാലത്തെ പിരിമുറക്കത്തിന്റെയും അങ്കംവെട്ടിന്റെയും പ്രഭവസ്ഥാനം. ആവശ്യങ്ങളുടെ പ്രകൃതിവിരുദ്ധ നിർമ്മിത ഹിംസയാണ്. ഹിംസ പ്രകൃതിസന്തുലനം തെറ്റിക്കും. അതിന്റെ പരിഹാരവും ഹിംസയാകുന്നു. സന്തുലനം ശരിയാക്കാനുള്ള നീക്കത്തിൽ ത്രാസിന്റെ തട്ട് വീണ്ടും ചാഞ്ചാടുന്നു. ഉല്പാദനത്തിൽ ജനങ്ങൾക്കു മേക്കൈ നേടാനൊരുക്കുന്ന ഒരു സംവിധാനം മാത്രമേ അഹിംസയം സ്ഥിരമായ നിലനില്പും പുലരുന്ന ഒരുസാമൂഹ്യക്രമം സാധ്യതമാവുകയുള്ളു. ഇതിന് സ്വന്തം ചുറ്റുവട്ടത്തിൽ വേണ്ടതെല്ലാമുണ്ടാക്കുകയെന്ന നില വരണം. ഇവിടെ ഉല്പാദനം മൂല്യാധിഷ്ഠിതമാകും. വ്യക്തിത്വ വികാസത്തിനവസരമുണ്ടാകും. മാനവിക സിദ്ധികൾ പാഴായിപ്പോവില്ല.

...ജീവിതനിലവാരമെന്നൊക്കെപ്പറയുമ്പോൾ ജനങ്ങളെന്താണുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. അത് അവ്യക്തസുന്ദരമായ ഒരു പ്രയോഗമാകുന്നു. അതിനാൽ പ്രത്യേകിച്ചൊന്നനുവിനോടും പ്രതിബദ്ധത കൂടാതെ അതിനെക്കുറിച്ചെന്തും ആർക്കും തട്ടിവിടാനെളുപ്പമാണ്.

ജീവിതനിലവാരമെന്ത്, അതിലെന്തൊക്കെ ഉൾക്കൊള്ളണം എന്നീ സംഗതികളെക്കുറിച്ച് ഓരോരുത്തർക്കും തനതു സങ്കല്പങ്ങളുണ്ടാവും. കാറ് റേഡിയോ തുടങ്ങിയവ ജീവിത നിലവാരത്തിൽ ഉൾപ്പെടുത്തും ചിലർ. ചിലർക്ക് വയറുനിറയെ രണ്ടുനേരം ഭക്ഷണം ശരിപ്പെടുമെങ്കിൽ കുശാലായി. അതിനാൽ ശരിയായ നിലയേതെന്നു നിർണയിക്കാൻ നാട്ടിൽ ലഭ്യമായ സൗകര്യങ്ങൾ പൂർണമായി പരിഗണിക്കണം. ഈ നിലവാരത്തിന് സാമ്പത്തികമായ ഒരടിത്തറയാണോ വേണ്ടത്? അല്ലെങ്കിൽ അതു പിന്തുടരേണ്ടതു സാംസ്കാരികമായ പരിഗണനകളോ? സമൂഹത്തിന്റെ ആവശ്യങ്ങളോ? ജീവിതനിലയെക്കുറിച്ചുപറയുമ്പോൾ 'ഉയർന്ന', 'താഴ്ന്ന' എന്നീ വിശേഷണങ്ങൾക്കെന്താണർത്ഥം? ഉയർന്ന ജീവിതനിലയെന്നതിന് വിപുലമായ ഭൗതികമോഹങ്ങളുടെ സാക്ഷാത്മകാരമെന്നോ താഴ്ന്നനിലയ്ക്ക് അത്യാവശ്യങ്ങളുടെ മാത്രം നിർവഹണമെന്നോ അർത്ഥമാക്കാമോ?

....ഇനി ഇന്ത്യനവസ്ഥ എന്താണെന്നു കാണുക. ഇവിടെ അധികതുംഗ പദവികളിലൊന്നിൽ വിരാജിക്കുന്നൊരു മാന്യൻ, ഏതെങ്കിലും നാട്ടുരാജ്യത്തിലെ ദിവാനോ, പ്രധാനമന്ത്രിയോ, പാർക്കുന്നത് ചിലപ്പോൾ കൊട്ടാര തുല്ല്യമായൊരു വീട്ടിലാകാം. അയാളുടെ സ്വീകരണമുറിയിൽ പക്ഷെ ഇരിപ്പു സാമഗ്രികൾ കണ്ടെന്നുവരില്ല. കഴുകിത്തുടച്ച് വൃത്തിയാക്കാവുന്ന മാർബിൾത്തറയാവും. പരവതാനിയില്ല. ഗൃഹപരിസരങ്ങളിൽ ദിവാൻ നഗ്നപാദനായി നടക്കുന്നു. ഊണിന് അയാൾ നിലത്തിരിക്കും. ചിലപ്പോൾ ചെറിയൊരു വിരിപ്പിൽ. ഊണ് ഇലയിൽനിന്ന്. കത്തിയും മുള്ളുമുപയോഗിക്കുന്ന കല അയാൾക്കറിഞ്ഞുകൂടാ. അതു പഠിക്കുക അത്ര എളുപ്പവുമല്ല. ഊണ് കൈകൊണ്ട്. ഊണുകഴിഞ്ഞാൽ കൈമുഖങ്ങൾ കഴുകിയാൽ മതി. ഇല കഴുകിത്തുടച്ചു അടുത്ത ഊണിനായി മാറ്റിവയ്ക്കാറില്ല. പുറത്തെറിയുന്ന അതും പാഴായിപ്പോകുന്നില്ല. ആടുതിന്ന് അതു പാലാക്കി മാറ്റും. താരതമ്യചിന്തയിൽ ഈ രീതി ജീവിതത്തിന്റെ 'താഴ്ന്നനില'യാണ്. 'ഉയർന്ന' 'താഴ്ന്ന' എന്നീ പദങ്ങൾ ശരിയായ രീതിയിലോ ഇവിടെ പ്രയോഗിച്ചിട്ടുള്ളത്? ഭൗതികമായ കൃത്രിമാവശ്യങ്ങളുടെ കുറവോ കൂടുതലോ ആണ് നിലയേതെന്ന് നിർണയിക്കുന്നതെങ്കിൽ സംഗതി ശരി. എന്നാൽ നിലവാരനിർണയത്തിൽ പ്രമാണമാകേണ്ടത് ഉത്തമ മാനവിക സിദ്ധികളുടെ ആവിഷ്കാരമാണെങ്കിൽ ദിവാന്റേത് ഉന്നത നിലയും തോട്ടക്കാരന്റേത് താഴ്ന്നതുമായി മാറും. നിലകൾക്കാധാരം ഭൗതിക പരിഗണനകളാവുമ്പോൾ 'ഉന്നത'ത്തിനും 'സങ്കീർണ'മെന്നും 'താഴ്ന്ന'തിനു 'ലളിതമെ'ന്നുമുള്ള സംജ്ഞകളാകും ഉചിതം. അപ്പോൾ ദിവാന്റേത് ലളിതജീവിതവും തോട്ടക്കാരന്റേത സങ്കീർണ ജീവിതവുമാണ്. സങ്കീർണത്തെ ഉന്നതമാക്കിയതിനു പിന്നിൽ മനശ്ശാസ്ത്രപരമായ ഒരു സൂത്രക്കളിയില്ലേ എന്നു സംശയിക്കണം. ജീവിതനിലവാരമുയർത്താൻ ചന്തയിൽ കൃത്രിമപ്പടപ്പുകൾ കുന്നുകൂടുകയും അവയെല്ലാം പെട്ടെന്നു വിറ്റുതീരുകയും ചെയ്യുമല്ലോ. 'ഉന്നത' ത്തിനും പിന്നിലല്ലാതെ 'സങ്കീർണ'ത്തിനു പിന്നിൽ ആളുകൂടാൻ സാധ്യത കുറവാണല്ലോ.

ഗ്രന്ഥം 3

## ഭരണമുക്തമായ സമുദായത്തിലേക്ക്

ഗ്രന്ഥകർത്താവ്: ധീരേന്ദ്രമജുംദാർ
വിവർത്തകൻ: സി.പി. നാണപ്പ
പ്രസാധകർ: കേരള ഗാന്ധി സ്മാരക നിധി

....മനുഷ്യമനസ്സിൽ ഹിംസാത്മകമായ പ്രകോപനമുളാവക്കുന്നതിനുള്ള മുഖ്യകാരണം ഭരണവും ചൂഷണാത്മകവുമായ സംസ്കൃതി ഇന്നാരെയും പ്രത്യേകിച്ച് പറഞ്ഞുധരിപ്പിക്കേണ്ടതായിട്ടില്ല. എങ്ങിനെയാണ് ഈഭരണം ഉണ്ടായത്? മാത്സര്യം കാരണം മനുഷ്യൻ പരസ്പരം ഹിംസിക്കാൻ തുടങ്ങി. ആ ഹിംസ അന്നന്നുവളർന്നു. മനുഷ്യന്റെ നിലനിൽപ്പിന് തന്നെ ആപത്ത് വരുത്തിവെച്ചു. ആത്മരക്ഷണം പ്രകൃതിനിയമമാണെന്നതുകൊണ്ടു മനുഷ്യൻ ആപത്തിൽനിന്ന് മോചനം നേടുന്നതിനുവേണ്ടി ഭരണകൂടമുണ്ടാക്കി. മനുഷ്യരൊക്കെയും ചേർന്ന് ആലോചിച്ച സ്റ്റേറ്റിന്റെ കയ്യിൽ ദണ്ഡനശക്തിയെന്ന ഒരായുധം കൊടുത്തു. രാജദണ്ഡിനെ ഭയപ്പെട്ട് മാത്സര്യജന്യമായ ഹിംസയെ അവർ ഒരതിരിനുള്ളിൽ ഒതുക്കി നിർത്തികയും ചെയ്തു. പ്രത്യക്ഷത്തിൽ സമുദായത്തിൽ സമാധാനം സ്ഥാപിതമായിതോന്നുകയുമുണ്ടായി. എന്നാൽ ആ സമാധാന സംരക്ഷണം ആലോചാസ്പദമായിരുന്നില്ല. വെറും ദണ്ഡനാധാരിതമായിരുന്നു. അങ്ങിനെ സമൂഹ്യജീവിതത്തിൽ രാജദണ്ഡാകുന്ന മഹാഹിസയുടെ നില അന്നന്നുറക്കുകയും അതിന്റെ ചൊൽപ്പടിക്കും കാര്യങ്ങൾ നടക്കുമെന്നാവുകയും ചെയ്തു. സമുദായമാകെയും ആ ഹിംസക്ക് അംഗീകാരം നൽകി. അംഗീകരണം ലഭിച്ചുവെന്നതുകൊണ്ടുമാത്രം രാജദണ്ഡ് അഹിംസാത്മകമാവുകയില്ലല്ലോ. അത്, എന്നും ഹിംസയായിട്ടേയിരുന്നിട്ടുള്ളൂ.....

തികച്ചും ഭരണവിമുക്തമായ സ്ഥിതിയാണ് ഒരാദർശ സ്ഥിതിയത്രെ. വികാസപരമായി ഒരാദർശനിലയിലേക്ക് മനുഷ്യൻ ഉയരുമ്പോൾ മാത്രമെ അത് കൈവരിക്കുകയുള്ളൂ. ആ സ്ഥിതി അന്തിമമായിരിക്കുമെന്നും അന്തിമമായ സ്ഥിതി അനന്തത്തിന്റെ അന്ത്യത്തിൽ മാത്രമെ ഉണ്ടാവുകയുള്ളൂവെന്നും വ്യക്തമാണല്ലോ. അതുകൊണ്ടുതന്നെയാണ് ഗാന്ധിജി പറയാറുണ്ടായിരുന്നത്, രേഖാഗണിത ഭാഷയിലെ ബിന്ദുവെപ്പോലെയാണ് ആദർശസ്ഥിതിയെന്ന്. അതിനെപ്പറ്റി നമുക്ക് സങ്കൽപ്പിക്കാൻ കഴിയും. എന്നാൽ, അത് ദൃശ്യമാകാറ് പതിവില്ല. അതുകൊണ്ട്, പ്രത്യക്ഷത്തിൽ കാണാവുന്ന സമുദായത്തിന്റെ അടിസ്ഥാന ബിന്ദു സമ്പൂർണ്ണ ഭരണമുക്തിയെ സംബന്ധിച്ചിടത്തോളം ആദർശപരമായിരിക്കും. എങ്കിലും പ്രത്യക്ഷാകാരത്തിൽ അതിന്റെ സ്വരൂപം, ഭരണം, ആപേക്ഷിതമല്ലാത്ത സമുദായത്തിന്റേതായിരിക്കും.

അതായത്, ഭരണത്തിന്റേതായ ചില അവശിഷ്ടങ്ങൾ സമുദായത്തിൽ തുടർന്നുണ്ടായിരിക്കും; എന്നാൽ മനുഷ്യന്റെ നിത്യ ജീവിതത്തിൽ അതിന്റെ സ്വാധീനം തീരെയുണ്ടായിരിക്കുകയില്ല. ദൈനംദിന പ്രശ്നങ്ങളും സമാധാനം, അന്നന്നത്തെ ആവശ്യങ്ങൾ നിവർത്തിക്കൽ, ആഭ്യന്തരമായ വ്യവസ്ഥിതി, ഇവയൊന്നും ഭരണാപേക്ഷിതമായിരിക്കുകകയില്ല. സമുദായത്തിന്റെ സന്തുലിതമായ നിലനിൽപ്പിന് ഈ അവശിഷ്ട ഭരണം ആവശ്യമായി വന്നേക്കാം. സമുദായത്തിന്റെ വിഭിന്ന ഘടകങ്ങൾ വേണ്ടത്ര സ്വയം പൂർണ്ണത പ്രഖ്യാപിച്ചുകഴിഞ്ഞാൽപ്പോലും, അവയെയെല്ലാം ഒരേചരടിൽ കോർത്തിണക്കുന്നതിന് ആ നേരിയ നൂൽ ആവശ്യമായി വരും. അവശിഷ്ടഭരണം നേരിയതും അദൃശ്യവുമായ ഒരു ചരടുമാത്രമായിരിക്കും. ചരടെന്നതിൽക്കവിഞ്ഞ ഒരുസ്ഥാനവും അതിനൊട്ടുണ്ടായിരിക്കുകയുമില്ല. കോർക്കാൻ ഉപയോഗിച്ച നൂൽ കാണപ്പെടാത്ത പൂമാലയാണ് ഭംഗിയുള്ളതായി കാണപ്പെടാറ്. അതുപോലെത്തന്നെ ഭരണം നിലവിലുണ്ടെന്ന് തോന്നാൻ ഇടവരാത്ത സാമൂഹ്യജീവിതം സ്വാധീനിക്കുന്ന സമുദായമാണ് ഭരണവിമുക്തമായി തീരാവുന്ന സമുദായം.

ഒരുവസ്തുവെ ശിഥിലമാക്കുന്നതിന്, ശിഥിലീകരണത്തിനാവശ്യമായ ശക്തികൾക്ക് അത് വിധേയമാക്കപ്പെടുകയെന്നത് ആവശ്യമാണ്. അതുകൊണ്ട് ആദ്യം സ്റ്റേറ്റിന്റെമേൽ ജനങ്ങൾക്ക് പ്രത്യക്ഷമായ നിയന്ത്രണം ചെലുത്താൻ സാധിക്കേണ്ടതുണ്ട്. അതായത്, ഭരണകൂടത്തിന്റെ ശക്തി ക്ഷയിപ്പിക്കാൻ, ലോകത്തിലിന്നുനടക്കുന്ന ഭരണഘടനാത്മകമായ ജനതന്ത്രത്തിന് പകരം പ്രത്യക്ഷമായ ജനാധിപത്യം സ്ഥാപിക്കേണ്ടതാണെന്ന് സാരം. ഭരണഘടനാത്മകമായ ജനാധിപത്യവും പ്രത്യക്ഷ ജനാധിപത്യവും തമ്മിലെന്തുവ്യത്യാസം? ഗാന്ധിജി ഇതുസംബന്ധിച്ച് വ്യക്തമായ സൂക്തങ്ങൾ നമുക്ക് നൽകിയിട്ടുണ്ട്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന തിരഞ്ഞെടുപ്പുകൾ വഴി ചിലർക്ക് അധികാരം കിട്ടുകയെന്ന നിലവന്നാൽ ഭരണഘടനാത്മകമായ ജനാധിപത്യമായി. എന്നാൽ, ഇത്രമാത്രംകൊണ്ട് യഥാർത്ഥ്യ ജനാധിപത്യമാവില്ല എന്നതാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്.

അദ്ദേഹം പറഞ്ഞു; 'ചിലർക്ക് അധികാരം കിട്ടിയതുകൊണ്ടൊന്നും സ്വരാജ്യമാവുകയില്ല. അധികാരം ദുരുപയോഗപ്പെടുത്തപ്പെട്ടാൽ ഓരോ വ്യക്തിക്കും പകരം ചോദിക്കാൻ കഴിവുണ്ടാകുമെന്ന നിലവന്നാൽ മാത്രമെ ശരിക്കുള്ള ജനാധിപത്യം സ്ഥാപിക്കുന്നതിന്, ഓരോ വ്യക്തിക്കും, ആവശ്യമായി വരുന്ന പക്ഷം, ഭരണാധികാരികളെ എതിർക്കാനുള്ള കഴിവും, സൗകര്യങ്ങളും ലഭിച്ചിരിക്കേണ്ടതാണ്. ജനങ്ങളുടെ ജീവൻ ഭരണാധികാരികളുടെ കൈപ്പടക്ക് വെളിയിലായിരുന്നാൽ മാത്രമെ അത് സാധിക്കുകയുള്ളൂ.

ഇന്ന് ജനങ്ങളുടെ ജീവൻ മൂലധനത്തിനടിമപ്പെട്ടിരിക്കുകയാണ്; ജീവിതസന്ധാരണത്തിനാവശ്യമായ ഉൽപാദനാത്മകമാകെയും കേന്ദ്രമുതലാളിത്ത സാമ്പത്തികശാസ്ത്രത്തിനടിപ്പെട്ടു ഞെരുങ്ങുകയാണ്. ജനങ്ങളുടെ ജീവൻ മൂലധനത്തിന്റെ മുഷ്ടിക്കുള്ളിൽ ആയിരിക്കുന്നിടത്തോളം കാലം, സ്വാഭാവികമായും, മൂലധനം കൈയടക്കി വെച്ചവനായിരിക്കുമല്ലോ അവരുടെ യജമാനനും. ലോകത്തിലിന്നുള്ള എല്ലാസാമൂഹ്യക്രമങ്ങളിലും, ഒന്നുകിൽ സ്റ്റേറ്റ് ഉടമയിൽ മൂലധനം, അല്ലെങ്കിൽ മൂലധനത്തിന്റെ പിടിയിൽ സ്റ്റേറ്റ് എന്ന നിലയിലാണ് കാണപ്പെടുന്നത്. രണ്ട് നിലയിലും അനുഭവം ഒന്നുതന്നെയാണ്. ഭരണാധികാരികൾ മൂലധനത്തെയും മൂലധം ജനങ്ങളുടെ പ്രാണനെയും കയ്യടക്കിയിരിക്കുകയാണ്.


**പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു**

ഗാന്ധി സംവാദങ്ങൾ അടുത്തലക്കത്തിലും തുടരുന്നു.
നിങ്ങളുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും
കേരളീയത്തിലേക്കെഴുതുക.
മാറ്റർ ലഭിക്കേണ്ട അവസാന തീയതി **2012 ഏപ്രിൽ 8.**
**വിലാസം: കേരളീയം, കൊക്കാലെ, തൃശൂർ -21.**
e-mail : mailkeraleeyam@gmail.com